# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.103** **05.03.2020 ൽ മറുപടിക്ക്**

### അറ്റകുറ്റപ്പണി പൂർത്തിയാക്കുന്ന റോഡുകൾക്ക് ഗ്യാരന്റി

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.അനിൽ അക്കര**
**ശ്രീ.അൻവർ സാദത്ത് :**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ റോഡുകളിൽ ശരിയായ രീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം അപകടങ്ങൾ പെരുകുന്ന സാഹചര്യത്തിൽ ഈ വർഷം ജനുവരി 31-നകം അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണി ഇതിനകം പൂർത്തിയാക്കിയെന്നും ശേഷിക്കുന്നത് എത്രയെന്നും വെളിപ്പെടുത്താമോ;

(എ) & (ബി) 31-12-2019-ന് മുമ്പ് റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് തീരുമാനിക്കുകയും, റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ വിവരം ബഹു. കോടതിയെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കോടതിയിൽനിന്നും ഇക്കാര്യത്തിലുള്ള പ്രഖ്യാപനം വന്നിട്ടുള്ളത്. ബഹു.മുഖ്യമന്ത്രിയും ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. മെയ് മുതൽ നവംബർ വരെ മഴയായതിനാലാണ് പ്രവൃത്തിയിൽ കാലതാമസം വന്നത്. നിലവിൽ 98.1% റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ബജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. 10,500 കി.മി. റോഡുകളുടെ അറ്റകുറ്റപ്പണികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | അറ്റകുറ്റപ്പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്ന റോഡുകളിൽ ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ വീണ്ടും കുഴികളുണ്ടായി ഗതാഗതയോഗ്യമല്ലാതാകുന്ന സാഹചര്യമുണ്ടോ; | (സി) | ചില റോഡുകളിൽ പൈപ്പ്ചോർച്ച ഉണ്ടാകുന്നതു മൂലം തകർച്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്ന റോഡുകൾക്ക് ഒരു നിശ്ചിത കാലത്തേക്ക് കരാറുകാരിൽ നിന്നും ഗ്യാരണ്ടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡുകൾക്ക് മിനിമം ഗ്യാരണ്ടി (Minimum Guarantee) ഉറപ്പ വരുത്തുന്നതിനായി ജി.ഒ (പി) നം. 161/2019/ഫിൻ തീയതി 25-11-2019 ന്റെ അടിസ്ഥാനത്തിൽ ഡിഫെക്ട് ലയബിലിറ്റി പിരീഡ് (Defect Liability Period) നിശ്ചയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**